LIBRARY ARCHIVES Kerala Legislative Assembly

ആദിസർഗ്ഗ പദ്ധതികൾ

205 (2485) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ സമുദായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി "ആദിസർഗ്ഗ "എന്ന പേരിലുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

എംപ്ലോയ്മെന്റ് വകുപ്പിലൂടെ അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് അവരിലൂടെ തന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു നൂതന പദ്ധതിയാണ് ആദിസർഗ്ഗ. ഈ പദ്ധതി പ്രകാരം ആദിസർഗ്ഗ കേന്ദ്ര എന്ന പേരിൽ അഗളി കേന്ദ്രമാക്കി ആദിവാസികൾക്കുമാത്രമായി ഒരു ടൈബൽ എംപ്ലോയബിലിറ്റി-കം-ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ആദിവാസി യുവജനങ്ങളുടെ സ്കിൽ ഗ്യാപ് വിവിധതരം അസസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനാവശ്യമായ പരിശീലനം നൽകി അവരെ എംപ്ലോയബിൾ ആക്കുവാനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ കമ്പ്യൂട്ടർ പരിജ്ഞാനവും ആശയവിനിമയ ശേഷിയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനവും നൽകുവാനും വിവിധ മത്സരപരീക്ഷാ പരിശീലനങ്ങൾ നൽകുക വഴി സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/ബാങ്കിംഗ് മേഖലകളിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ഉദ്ദേശിക്കുന്നു. ആദിസർഗ്ഗ കേന്ദ്രയ്ക്കായി AHADS-ന്റെ ബിൽഡിംഗ് ഗ്രാമവികസന വകുപ്പ് വിട്ടുനൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

കാസർഗോഡ് ജില്ലയിലെ ദളിത് റിസോർട്ടിലെ തൊഴിലാളി സമരം

206 (2486) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദളിത് റിസോർട്ടിലെ തൊഴിലാളികൾ സമരത്തിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് വകുപ്പ് തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?